(സി & ഡി) ഈ പ്രത്യേക ഉദ്ദേശ്യാർത്ഥം ഗൾഫ് രാജ്യങ്ങളിൽ വ്യവസായമന്ത്രി പര്യടനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെൻറിന്റെ ഒരു ഉന്നതതല വ്യാപാര പ്രതിനിധിസംഘം തലവനെന്ന നിലയ്ക്ക് ഗൾഫ് രാജ്യങ്ങൾ 1984 ഏപ്രിൽ മാസം സന്ദർശിച്ചപ്പോൾ ഗൾഫ് ഇന്ത്യാക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇതിനുംപുറമേ 1984 ഒക്ടോബർ നവംബർ മാസങ്ങളിൽ കേരളാ സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷനിലെ രണ്ട് ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു ടീം 5 ഗൾഫ് രാജ്യങ്ങളിലെ 5 കേന്ദ്രങ്ങൾ സന്ദർശിക്കുകയും 13 വ്യവസായ സംരംഭകരുമായി മെമ്മോറാണ്ടം ഓഫ് സബ് സ്റ്റാൻറിംഗിൽ ഒപ്പ് വയ്ക്കുകയും ചെയ്തു. ഇവയിൽ താഴെപ്പറയുന്ന 4 പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്.

യൂണിറ്റിന്റെ പേര്	ഉൽപ്പന്നം
1. സുഷീ റബ്ബർ ഇൻഡസ്ട്രീസ്	റി ക്ലോസ് റബ്ബർ
2. ഭഗവതി ബിവറേജസ്	സോഫ്റ്റ് ഡ്രിങ്ക്സ്
3. എൽസീറ്റാ സബ്സ്ട്രേറ്റ്സ്	സിറാമിക് സബ്സ്ട്രേറ്റ്സ്.
4. ഒസീക്ക ഡ്രഗ്സ് ഇന്ത്യാ ലിമിറ്റഡ്	ബയോക്ക് ഡ്രഗ്സ്

ഇവ കൂടാതെ വിദേശ മലയാളികളുടെ മറ്റ് പത്ത് പ്രോജക്ടുകൾ കൂടി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തീർണ്ണം

292 [364] ശ്രീ. കെ. മൂസ്സക്കുട്ടി :

,, പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഏക്കർ വനഭൂമിയുണ്ട് ;

(ബി) അതിൽ സ്വകാര്യ വനഭൂമി എത്ര ?

(സി) സംസ്ഥാനത്തിന്റെ വിസ്തീർണ്ണത്തിൽ എത്ര ശതമാനമാണ് ഇപ്പോൾ വനമുള്ളത് ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ ക്ലിയർ ഫെല്ലിംഗ് നടത്തി ;

(ഇ) ക്ലിയർ ഫെല്ലിംഗ് നടത്തിയ സ്ഥലത്ത് പുതുതായി മരം വച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആകെ എത്ര ഏക്കർ ;

(ജി) 1990 ആകുമ്പോഴേക്കും എത്ര ഏക്കർ പുതിയ വനം ഉണ്ടാകും ?

ഉത്തരം

(എ) 2322700 ഏക്കർ (9,40,000 ഹെക്ടർ).

(ബി) ഇപ്പോൾ സ്വകാര്യവനമില്ല. എല്ലാ സ്വകാര്യവനങ്ങളും സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) ഇപ്പോൾ ഉള്ള വനവിസ്തൃതി സംസ്ഥാന വിസ്തൃതിയുടെ 24 ശതമാനമാണ്.

(ഡി) തേക്ക് തോട്ടങ്ങൾ വെട്ടി റീപ്ലാൻറ് ചെയ്തതുൾപ്പെടെ 11205 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) 10438 ഏക്കർ.

(ജി) ഇന്നുള്ളതിൽ കൂടുതലായി സ്ഥലം റിസർവ് വനം ആക്കുന്നതിന് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

നിബിഡ വനങ്ങളും നാശോൻമുഖ വനങ്ങളും

293. [365] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന കാലത്ത് കേരളത്തിൽ എത്ര ചതുരശ്ര കിലോമീറ്റർ നിബിഡ വനങ്ങളും എത്ര കിലോമീറ്റർ നാശോൻമുഖ വനങ്ങളും ഉണ്ടായിരുന്നുവെന്നു വ്യക്തമാക്കാമോ ;

(ബി) 1986 വർഷത്തിൽ പ്രസ്തുത വനങ്ങളിൽ എത്ര വീതം ;

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ച.കിലോമീറ്റർ വനങ്ങൾ ഇല്ലാതായിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് റിക്കാർഡ് അനുസരിച്ച് 11221.14 ച.കി. മീറ്റർ വനഭൂമിയാണ് ഉണ്ടായിരുന്നതെങ്കിലും വനേതരാവശ്യങ്ങൾക്കു നേരത്തെ തന്നെ വിട്ടുകൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ 9400 ച.കി. മീറ്റർ വനഭൂമിയാണ് ഉണ്ടായിരുന്നത്. സമീപകാലത്ത് വിവിധാവശ്യങ്ങൾക്കു വിട്ടുകൊടുത്ത 11.40 ച.കി. മീറ്റർ വനഭൂമി കഴിച്ചാൽ ഇപ്പോൾ 9388.60 ച.കി. മീറ്റർ വനഭൂമിയുണ്ട്.

(ബി) 1986 വർഷത്തിലെ കണക്ക് എടുത്തിട്ടില്ല.

(സി) 11.40 ച.കി.മീറ്റർ.

25-5-1982-നു ശേഷം പതിച്ചു കൊടുക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പിനു കൈമാറിയ വനഭൂമി

294. [366] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-1982-നു ശേഷം വനഭൂമി പതിച്ചു കൊടുക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ; ഏതെല്ലാം വർഷങ്ങളിൽ എന്നു വെളിപ്പെടുത്താമോ ?

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

വ്യാവസായികാവശ്യങ്ങൾക്ക് വനം വച്ചുപിടിപ്പിക്കുവാൻ നടപടി

295. [370] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly